# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 23** — **23/01/2018-ൽ മറുപടിക്ക്**

## പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീ.എം. സ്വരാജ്**
**,, രാജു എബ്രഹാം**
**,, ബി.ഡി. ദേവസ്സി**
**,, സി.കെ. ഹരീന്ദ്രൻ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

എ) സംസ്ഥാനത്ത് വിവിധ പകർച്ചവ്യാധികൾ പടരുന്നത് ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

എ) മുൻവർഷം (2017)ൽ പകർച്ചവ്യാധികൾ പടരുന്നത് ഫലപ്രദമായി തടയുന്നതിന് "പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടി" എന്ന പേരിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപ്പിലാക്കി. മഴക്കാലപൂർവ്വ ശുചീകരണം, കൊതുകുറവിട നശീകരണം, കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ, രോഗനിരീക്ഷണം, കൊതുകുനിരീക്ഷണം, ബോധവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്. കൂടാതെ പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ വിവിധ തലങ്ങളിലുള്ള ദ്രുതകർമ്മ സേനകൾ സ്ഥലം സന്ദർശിച്ച് കാര്യകാരണവിശകലനം നടത്തി രോഗം നിയന്ത്രണവിധേയമാക്കുവാൻ നടപടി സ്വീകരിച്ചു.

2018- ൽ പകർച്ചവ്യാധികൾ തടയുന്നതിനായി 2017 ഒക്ടോബർ മാസം മുതൽ തയ്യാറെടുപ്പുകൾ ആരംഭിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ആരോഗ്യവകുപ്പ് മന്ത്രി തുടങ്ങിയവരുടെ നേതൃത്വത്തിൽ "ആരോഗ്യജാഗ്രത" എന്ന ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങളാണ് ആരംഭിച്ചിരിക്കുന്നത്. ആരോഗ്യവകുപ്പ്, ആർദ്രം മിഷൻ, തദ്ദേശസ്വയംഭരണ വകുപ്പ്, ശുചിത്വമിഷൻ, ഹരിത കേരളമിഷൻ, കുടുംബശ്രീ തുടങ്ങിയ വകുപ്പുകൾ/ ഏജൻസികളുമായി സംയുക്തമായി വാർഡ് കർമ്മസേനയുടെ സഹായത്തോടെ

➡

രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ജനുവരി 1 ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു. തുടർന്ന് ഓരോ ജില്ലയുടേയും ചാർജ്ജുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലാതല യോഗങ്ങൾ നടത്തി. ജനുവരി 17, 18 തീയതികളിൽ തദ്ദേശസ്ഥാപന ജനപ്രതിനിധികൾക്കും തദ്ദേശസ്ഥാപന സെക്രട്ടറിമാർക്കും ആരോഗ്യജാഗ്രത സംബന്ധിച്ച് അവബോധം നൽകി ജനുവരി 21 ന് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വാർഡുതല ആരോഗ്യകർമ്മ സേന വീടുകൾ സന്ദർശിച്ച് ബോധവത്കരണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | പകർച്ചപ്പനിയെക്കുറിച്ച് ജനങ്ങളിൽ കൃത്യമായ ബോധവത്കരണം നടത്തുന്നതിനും പകർച്ചപ്പനി നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി എല്ലാ ജില്ലകളിലും മോണിറ്ററിംഗ് സെല്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) | ജനങ്ങൾക്ക് ബോധവത്കരണം നൽകുന്നതിന് വിവിധ ദൃശ്യ-ശ്രവ്യ പത്രമാധ്യമങ്ങളിലൂടെ വിവിധ തലങ്ങളിൽ ആരോഗ്യവകുപ്പ് നടപടികൾ സ്വീകരിച്ചു-വരുന്നുണ്ട്. സംസ്ഥാന, ജില്ലാ, നഗരസഭ, പഞ്ചായത്ത്, സബ്സെന്റർ, വാർഡ്-തലങ്ങളിലായി പൊതുജനങ്ങൾ, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, അങ്കണവാടികൾ, സന്നദ്ധ പ്രവർത്തകർ, തൊഴിലുറപ്പുകാർ, ഇതരസംസ്ഥാനതൊഴിലാളികൾ, തുടങ്ങി-യവർക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുന്നുണ്ട്. വിവിധ പ്രദേശങ്ങളിൽ റിപ്പോർട്ട് ചെയ്യുന്ന പകർച്ചവ്യാധികൾ ജില്ലാ മെഡിക്കൽ ഓഫീസുകളിൽ പ്രവർത്തിച്ചു-വരുന്ന ഐ.ഡി.എസ്.പി സെല്ല് മുഖാന്തിരം മോണിറ്റർ ചെയ്യുകയും പ്രവർത്തനങ്ങൾ കൂടുതൽ ഏകോപിപ്പിക്കുകയും ചെയ്യുന്നുണ്ട്. 2017-ൽ പകർച്ചവ്യാധികൾ കൂടുതലായ സമയത്ത് പകർച്ചപ്പനി നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഓരോ ജില്ലയിലും ജില്ലാ മെഡിക്കൽ ഓഫീസിലും എൻ.എച്ച്.എം. ജില്ലാ പ്രോഗ്രാം മാനേജരുടെ ഓഫീസിലും മോണിറ്ററിംഗ് സെല്ലുകൾ പ്രവർത്തിച്ചിരുന്നു. 2018-ൽ ഇത്തരം മോണിറ്ററിംഗ് സെല്ലുകൾ ആവശ്യാനുസരണം രൂപീകരിക്കുന്നതാണ്. |
| സി) | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി | സി) | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലും ജില്ലാ മെഡിക്കൽ ഓഫീസുകളിലും പ്രധാന |

➡

ദ്രുതകർമ്മസേന രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സർക്കാർ ആശുപത്രികളിലും സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ദ്രുതകർമ്മസേന (റാപ്പിഡ് റെസ്പോൺസ് ടീം - ആർ.ആർ.റ്റി) രൂപീകരിച്ചിട്ടുണ്ട്. രോഗം പൊട്ടിപ്പുറപ്പെടുന്ന പ്രദേശങ്ങളിൽ ഉടൻ സന്ദർശിച്ച് കാര്യകാരണ വിശകലനം നടത്തി രോഗം നിയന്ത്രണ വിധേയമാക്കുന്നതിന് സത്വരനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. രോഗനിരീക്ഷണം, ചികിത്സ, നിയന്ത്രണം, ബോധവൽക്കരണം തുടങ്ങിയ കാര്യങ്ങൾ കാര്യക്ഷമമാക്കുവാൻ പ്രാദേശികമായോ കാലാനുസൃതമായോ എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ എന്ന് സംസ്ഥാനതല ദ്രുതകർമ്മ സേനാ യോഗങ്ങളിൽ ആലോചിച്ച് നടപ്പിൽ വരുത്തുകയും ചെയ്യുന്നുണ്ട്. പുതിയ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോഴും, രോഗങ്ങൾ പൊട്ടിപ്പുറപ്പെടുമ്പോഴും ദ്രുതകർമ്മസേനാ യോഗം ചേരുകയും ഇൻവെസ്റ്റിഗേഷൻ നടത്തുകയും നിയന്ത്രണപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നുണ്ട്. ജില്ലാതല ദ്രുതകർമ്മസേന പകർച്ചവ്യാധി മരണങ്ങൾ ഓഡിറ്റ് ചെയ്യുകയും ചെയ്യുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**